പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7480

17-07-2012 – ൽ മറുപടിയ്ക്ക്

## കാർഷികവൃത്തിക്കായുള്ള ലഘുയന്ത്രങ്ങളുടെ വാടക

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
|---|---|
| (എ) കാർഷികവൃത്തിക്കായുള്ള ലഘു യന്ത്രങ്ങളുടെ വാടക ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കാർഷിക യന്ത്ര സാമഗ്രികൾ ലഘുവായ വാടകയ്ക്ക് കൃഷിഭവനിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇല്ലെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) യും (ബി) യും<br>സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും നൽകുന്നതിനേക്കാൾ താഴ്ന്ന നിരക്കിലാണ് കാർഷിക യന്ത്ര സാമഗ്രികൾ കൃഷിഭവന്റെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ വഴി വാടകയ്ക്ക് ലഭ്യമാക്കുന്നത്. കൂടാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കൊ) സ്മാൾ ഫാം മെക്കനൈസേഷൻ, എസ്.എഫ്.എസ്.പി, ആർ.കെ.വി.വൈ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കാർഷിക യന്ത്രങ്ങൾ ലഘുവായ വാടകയ്ക്ക് നൽകുന്നതി നായി കെയ്കോയുടെ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചും കസ്റ്റം ഹയറിംഗ് സെന്ററുകൾ പ്രവർത്തിപ്പിച്ചു വരുന്നു. പുതിയതായി ആരംഭിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ ആന്റ് സർവ്വീസ് ഡെലിവറി വഴി ബ്ലോക്കുതലത്തിൽ യന്ത്രവൽക്കരണ സർവ്വീസ് നൽകുവാനുള്ള നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ